(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

കോൺട്രാക്ടർമാർക്കുള്ള കുടിശ്ശിക

155. [425] ശ്രീ. എം. ജിനദേവൻ :
,, ടി. കെ. അബ്ദു :
,, പി. സി. തോമസ് (കടുത്തുരുത്തി) :
,, സി. ടി. കൃഷ്ണൻ :
,, എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985 ജൂലൈ 31-ാംതീയതിവരെ പൊതുമരാമത്ത് പണി നടത്തിയ ഇനത്തിൽ കോൺട്രാക്ടർമാർക്ക് എന്ത് തുക നൽകാനുണ്ട് ;

(ബി) കോൺട്രാക്ടർമാർക്ക് പണം കിട്ടാത്തതുമൂലം സംസ്ഥാനത്തെ പൊതുമരാമത്ത് പണി സ്തംഭിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) 1985 ജൂലൈ 31-ാം തീയതിവരെ മൊത്തം 34 കോടി രൂപ കൊടുക്കാനുണ്ടായിരുന്നു.

(ബി) ഇക്കാരണത്താൽ പണികൾക്ക് സ്തംഭനാവസ്ഥ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ചുങ്കം പിരിക്കുന്ന പാലങ്ങൾ

156. [427] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്തു വകുപ്പിന്റെ കീഴിലുള്ള എത്ര പാലങ്ങൾക്ക് ചുങ്കം പിരിച്ചുവരുന്നുണ്ട് ;

(ബി) ആ പാലങ്ങളുടെ ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കാമോ ;

(സി) എല്ലാ പാലങ്ങളിൽനിന്നുംകൂടി 1985 മാർച്ച് 31 വരെ ആകെ എത്ര രൂപ ചുങ്കംപിരിച്ച ഇനത്തിൽ വരവുണ്ടായി എന്ന് വെളിപ്പെടുത്താമോ ;

(ഡി) ഓരോ പാലത്തിൽനിന്നും 1985 മാർച്ച് 31 വരെ പിരിഞ്ഞുകിട്ടിയ ചുങ്കം എത്രയാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) നാഷണൽ ഹൈവേ വിഭാഗത്തിൽ രണ്ടും, ബി. ആൻഡ് ആർ. വിഭാഗത്തിൽ ആറും ഉൾപ്പെടെ എട്ടു പാലങ്ങളിൽനിന്നും ചുങ്കം പിരിച്ചുവരുന്നു.

(ബി) പാലങ്ങളുടെ ലിസ്റ്റ് അനുബന്ധമായി വെച്ചിട്ടുണ്ട് †

(സി) 1,25,76,069.50 രൂപ.

(ഡി) വിവരങ്ങൾ അനുബന്ധമായി വെച്ചിട്ടുള്ള ലിസ്റ്റിൽ ചേർത്തിട്ടുണ്ട്.

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

ലിസ്റ്റ് II

Training College recommended by Calicut University during 1985 -'86

	Location	*Applicant*
1.	Alakkode (Thadikkadavu) Taliparambu	N. S. S.
2.	Edat, Payyannur	Payyannur, Edl. Society
3.	Chundala	Corporate Edl. Society of the Roman Cathelic Diocese, Calicut
4.	Kondotty	Ernad Muslim Educl. Association
5.	Meppadam Mumpad	Muslim Edual. Society
6.	Kottapuram, Karimpuzha	P. K. M. Edual. & Charitable Trust, Kottappuram, Palghat
7.	Akathethara, Palghat	N. S. S.
8.	Mannarghat	Muslim Ednal . Society
9.	Mala	Diocesc of Iringalakuda, Mala
10.	Mundathikode	N. S. S.

അനുബന്ധം IV

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 427 കാണുക]

ടോൾ പിരിക്കുന്ന പാലങ്ങൾ 31-3-1985 വരെ പിരിഞ്ഞുകിട്ടിയ ടോൾ
ബി ആൻഡ് ആർ വിഭാഗം:—

(1)	അരീക്കോട് പാലം	1,95,848.00 രൂപ
(2)	പുത്തൂർ പാലം	33,108.50 രൂപ
(3)	മുണ്ടത്തോട് പാലം	38,653.00 രൂപ
(4)	ചാനിയംകടവ് പാലം	6,051,00 രൂപ
(5)	കൊടുംബ കോസ്വേ	
(6)	ചപ്പാരപ്പടവ് പാലം	

നാഷണൽ ഹൈവേ:—

(7)	വളപട്ടണം പാലം	1,22,59,168.00 രൂപ
(8)	പുതുപൊന്നാനി പാലം	43,241.00 രൂപ

കൊടുംബ കോസ്വേയിൽ നിന്ന് 14-5-1985 മുതലും ചപ്പാരപ്പടവ് പാലത്തിൽ നിന്ന് 19-5-1985 മുതലുമാണ് ചുങ്കം പിരിച്ചു തുടങ്ങിയത്

LIBRARY ARCHIVES Kerala Legislative Assembly